പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 457      19.03.2013 -ൽ മറുപടിയ്ക്ക്

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഇന്ധനം

ചോദ്യം

ശ്രീ. കെ. അച്ചുതൻ
" വി. റ്റി. ബൽറാം
" എ. റ്റി. ജോർജ്
" ഷാഫി പറമ്പിൽ

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഇന്ധനം ഡീസലിൽ നിന്നും സി.എൻ.ജി. ആക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | എല്ലാ ബസ്സുകളും സി.എൻ.ജി.യിലേക്ക് മാറ്റുന്നത് പ്രായോഗികമല്ല. കൂടാതെ. ഒരു ബസ് സി.എൻ.ജി. യിലേക്ക് മാറ്റുന്നതിന് നാല് ലക്ഷം രൂപയോളം ചെലവ് വരും. എന്നാൽ ഡീസൽ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഭാവിയിൽ ലാഭകരവും പരിസ്ഥിതി സൗഹൃദവുമാണ്. സി.എൻ.ജി.യിലേയ്ക്ക് മാറ്റിയ ശേഷം 12 വർഷമെങ്കിലും ടി വാഹനം ഓടിച്ചാൽ മാത്രമേ മുടക്കുമുതൽ തിരിച്ച് കിട്ടുകയുള്ളൂ. ആയതിനാൽ 3 വർഷത്തിൽ താഴെപഴക്കമുള്ള ബസ്സുകൾ മാത്രമേ സി.എൻ.ജി.യിലേയ്ക്ക് മാറ്റുവാൻ കഴിയൂ. |
| (സി) | ആയതിന്റെ നടത്തിപ്പിനായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രം വാഗ്ദാനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും യഥാസമയം സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | കൊച്ചിയിലാണ് പ്രാഥമികമായി സി.എൻ.ജി. ലഭ്യമാക്കുക. കെ.എസ്.ആർ.ടി.സി. യുടെ തേവരയിലുള്ള സ്ഥലത്ത് ഇതിനുള്ള സൗകര്യം ഒരുക്കുന്നതിന് പ്രാഥമിക പരിശോധന നടന്നു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ